

അമ്പത്തൊന്ന്
# കേരള പ്രതിഭകൾ

ജി. പ്രിയദർശനൻ

കേരളസമൂഹത്തിൽ, വ്യത്യസ്തമേഖലകളിൽ പ്രവർത്തിച്ചിരുന്ന പ്രശസ്തരായ 51 പ്രതിഭാധനന്മാരെ പരിചയപ്പെടുത്തുന്ന ഗ്രന്ഥം. ഇവരിൽ പലരും കേരളത്തിന്റെ സാംസ്കാരിക – രാഷ്ട്രീയരംഗത്ത് വ്യക്തിമുദ്ര പതിപ്പിച്ചവരും അവരവരുടെ കർമ്മമണ്ഡലങ്ങളിൽ തങ്ങളുടേതായ സംഭാവനകൾ നൽകിയവരുമാണ്.

സിൽ : 4689 വില : ₹ 120
ISBN 978-81-200-4689-4

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്
തിരുവനന്തപുരം
സാംസ്കാരികവകുപ്പ്
കേരള സർക്കാർ

അമ്പത്തൊന്ന് കേരള പ്രതിഭകൾ
ജി. പ്രിയദർശനൻ

51

അമ്പത്തൊന്ന്
കേരള
പ്രതിഭകൾ

ജി. പ്രിയദർശനൻ



2067 272

COLLEGE OF AVIAN SCIENCES & MANAGEMENT
KVASU CAMPUS, THIRUVAZHAMKUNNU

Acc. No. 2067 Call No.

This book should be returned on or before the date last given below.

| | | |
|---|---|---|
| | | |

*Malayalam*
**AMPATHONNU KERALAPRATHIBHAKAL**
*by*
**G. PRIYADARSANAN**

First Published : November, 2019

*Typeset at*
Beyond Publishers, Law College Jn.,
Thiruvananthapuram - 35

*Printed at*
Time Offset Printers
Thiruvananthapuram - 695 001

*Published by*
The State Institute of Languages, Kerala,
Thiruvananthapuram - 695 003

© The State Institute of Languages, Kerala 2019

Copies : 500

SIL/ 4689 ISBN978-81-200-4689-4

Published by the State Institute of Languages, Kerala, Thiruvananthapuram, under the centrally sponsored scheme for production of text books and literature in regional languages, at the University level of the Government of India, Ministry of Human Resource Development, New Delhi.

**Price : Rs. 120/-** FT / 2830

# അമ്പത്തൊന്ന് കേരളപ്രതിഭകൾ

ജി. പ്രിയദർശനൻ

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്
തിരുവനന്തപുരം

## ജി. പ്രിയദർശനൻ

വർക്കലയ്ക്കടുത്ത് പേരേറ്റിൽ ജനനം (1937). അച്ഛൻ കെ. ഗോപാലൻ, അമ്മ കെ. രാജകി. വിദ്യാഭ്യാസം ശിവഗിരി ഹൈസ്ക്കൂളിൽ, 1960 മുതൽ നെടുങ്ങണ്ട എസ്.എൻ.വി. ഹൈസ്ക്കൂളിൽ അധ്യാപകൻ. 1985 മുതൽ കോട്ടയത്ത് മലയാളമനോരമയിൽ ജോലി. 1980 – 1981 വർഷങ്ങളിൽ കേരള സാഹിത്യ അക്കാദമി റിസർച്ച് സ്കോളർ. 1992 മുതൽ 1995 വരെ എസ്.എൻ.ഡി.പി. യോഗം വൈസ്പ്രസിഡന്റ്. യോഗനാദം മാസികയുടെ പ്രാരംഭം മുതൽ 4 വർഷം എക്സിക്യൂട്ടീവ് എഡിറ്റർ.

**കൃതികൾ :** മൺമറഞ്ഞ മാസികകൾ, മാസികാപഠനങ്ങൾ, മലയാളപത്രപ്രവർത്തനം പ്രാരംഭസ്വരൂപം, ആദ്യകാലമാസികകൾ, സഹോദരൻ അയ്യപ്പൻ പ്രക്ഷോഭകാരിയായ പത്രപ്രവർത്തകൻ, മായാത്തമുദ്ര – കെ.സി. മാമ്മൻ മാപ്പിളയുടെ പത്രാധിപജീവിതം, ശ്രീനാരായണഗുരു സുവർണ്ണരേഖകൾ, ആശാന്റെ അറിയപ്പെടാത്ത മുഖങ്ങൾ, മൺമറഞ്ഞ മലയാളമാസികകൾ, ആദ്യകാലമാസികകൾ, ആശാൻപഠനങ്ങൾ, പഴമയിൽ നിന്ന്, ഭഗവാൻ ബുദ്ധൻ, സാഹിത്യനായകന്മാരുടെ കുറിമാനങ്ങൾ, വിവേകികൾ, നോവൽപഠനങ്ങൾ, കേരളപത്രപ്രവർത്തനം സുവർണാധ്യായങ്ങൾ, ശ്രീനാരായഗുരു ചരിത്രയാഥാർഥ്യങ്ങൾ എന്നിവ മൗലിക കൃതികൾ.

കുമാരനാശാന്റെ മുഖപ്രസംഗങ്ങൾ, കുമാരനാശാന്റെ പ്രജാസഭാപ്രസംഗങ്ങൾ, സി. കേശവന്റെ വിപ്ലവപ്രസംഗങ്ങൾ, കേരളനവോത്ഥാനം – കണ്ടത്തിൽ വറുഗീസുമാപ്പിളയുടെ മുഖപ്രസംഗങ്ങൾ, കെ. സി. മാമ്മൻമാപ്പിളയുടെ മുഖപ്രസംഗങ്ങൾ, കെ. സി. മാമ്മൻമാപ്പിളയുടെ തിരഞ്ഞെടുത്ത ലേഖനങ്ങൾ, ഈഴവർ-ചരിത്രപഠനങ്ങൾ എന്നിവ സമ്പാദനവും പഠനവും വിഭാഗത്തിൽപ്പെടുന്നു. സഹോദരൻ എന്ന വിപ്ലവകാരി, അണയാത്ത വെളിച്ചം, SNDPയോഗം പ്ലാറ്റിനം ജൂബിലി സ്മാരക ഗ്രന്ഥം, SNDPയോഗം നവതിസ്മാരക ഗ്രന്ഥം, ശ്രീനാരായണപ്രസ്ഥാനവും മലയാളമനോരമയും എന്നീ പുസ്തകങ്ങൾ എഡിറ്റിങ് വിഭാഗത്തിൽപ്പെടും. ടി. കെ. മാധവൻ രചിച്ച ഡോ. പല്പു എന്ന ഗ്രന്ഥം പുനഃപ്രകാശനം ചെയ്തു. 1892 മുതൽ 1938 വരെയുള്ള ഭാഷാപോഷിണിയുടെ മാസികാസൂചി തയാറാക്കി പ്രസിദ്ധപ്പെടുത്തി.

**പുരസ്കാരങ്ങൾ:** കേരള സാഹിത്യ അക്കാദമി പുരസ്കാരം, കേരള പത്രപ്രവർത്തക അക്കാദമി പുരസ്കാരം, അയ്യപ്പൻ മാസ്റ്റർ പുരസ്കാരം, പൂർണാ എഡ്യൂക്കേഷൻ ഫൗണ്ടേഷൻ അവാർഡ്.

**ഭാര്യ** : ആർ. ശ്രീദേവി

**മക്കൾ** : പി. എസ്. ഭാവൻ, പി. എസ്. പ്രജീൻ, പി. എസ്. ദയാഷാജി

**വിലാസം :** പ്രാർഥന, പേരേറ്റിൽ, മൂങ്ങോട് – 695 144


| | | |
|---|---|---|
| ജനറൽ എഡിറ്റർ | : | പ്രൊഫ. വി. കാർത്തികേയൻ നായർ |
| എഡിറ്റർ | : | ഡോ. ബി. സുഗീത |
| പ്രൂഫ് | : | സുമിത എൽ. |
| കവർ | : | ബിയോണ്ട് പബ്ലിഷേഴ്സ് |

| | | |
|---|---|---|
| General Editor | : | Prof. V. Karthikeyan Nair |
| Editor | : | Dr. B. Sugeetha |
| Proof | : | Sumitha L. |
| Cover | : | Beyond Publishers |


## ആമുഖം

കേരളസമൂഹത്തിൽ, വ്യത്യസ്തമേഖലകളിൽ പ്രവർത്തിച്ചിരുന്ന പ്രശസ്തരായ 51 പ്രതിഭാധനന്മാരെ പരിചയപ്പെടുത്തുകയാണ് ഈ ഗ്രന്ഥം. ഇവരിൽ പലരും കേരളത്തിന്റെ സാംസ്കാരിക – രാഷ്ട്രീയരംഗത്ത് വ്യക്തിമുദ്ര പതിപ്പിച്ചവരും അവരവരുടെ കർമമണ്ഡലങ്ങളിൽ തങ്ങളുടേതായ സംഭാവനകൾ നൽകിയവരുമാണ്. എന്നാൽ ഇവരെക്കുറിച്ചറിയാൻ മലയാളത്തിൽ ഗ്രന്ഥങ്ങൾ കുറവാണ്. ഇതു പരിഹരിക്കുക എന്ന ലക്ഷ്യമാണ് ഞങ്ങൾക്കുള്ളത്. മലയാളത്തിലെ ആദ്യത്തെ ദളിത് എഴുത്തുകാരനായ ഇസ്രായേൽ ആർജവം, കഥാപ്രസംഗകലയ്ക്ക് രൂപവും ഭാവവും നൽകിയ സി.എ. സത്യദേവൻ തുടങ്ങി മലയാളികൾ തീർച്ചയായും അറിഞ്ഞിരിക്കേണ്ട വ്യക്തിത്വങ്ങളെയാണ് ഈ കൃതിയിൽ പ്രതിപാദിച്ചിരിക്കുന്നത്. സാംസ്കാരിക പഠനരംഗത്ത് ഇത്തരം പുസ്തകങ്ങളുടെ പ്രസക്തി ഏറെയാണ് എന്ന് തിരിച്ചറിഞ്ഞുകൊണ്ട് എല്ലാ മലയാളികൾക്കും വേണ്ടി ഈ കൃതി ഞങ്ങൾ പ്രസിദ്ധീകരിക്കുന്നു.

നാളന്ദ **പ്രൊഫ. വി. കാർത്തികേയൻ നായർ**
നവംബർ, 2019 **ഡോ. ബി. സുഗീത**

## ഉള്ളടക്കം


റവ. ജോർജ് മാത്തൻ ........ 1
വിലട്ടത്തു രാഘവൻ നമ്പ്യാർ (1820-1899) ........ 4
കുട്ടിക്കുഞ്ഞു തങ്കച്ചി ........ 7
ദേവജി ഭീമജി ........ 11
ടി. രാമരായർ (1830-1895) ........ 14
സർ കെ. ശേഷാദ്രി അയ്യർ ........ 17
ദിവാൻ ബഹദൂർ എ. ഗോവിന്ദപ്പിള്ള ........ 21
സി. കൃഷ്ണപിള്ള (1852-1916) ........ 24
കൊച്ചുമ്മൻ തരകൻ (1852-1904) ........ 27
മാളിയമ്മാവു കുഞ്ഞുവറിയത് ........ 30
എസ്. ടി. റെഡ്യാർ ........ 33
പ്രൊഫ. മനോന്മണീയം പി. സുന്ദരംപിള്ള ........ 36
റാവു ബഹദൂർ പി. വേലായുധൻ ........ 39
കുരുവിള എൻജിനീയർ (1858-1916) ........ 43
കണ്ടത്തിൽ വറുഗീസുമാപ്പിള ........ 46
പരവൂർ കേശവനാശാൻ (1859-1917) ........ 51
ഡോ. റ്റി. ഗണപതി ശാസ്ത്രികൾ (1860-1926) ........ 55
സർ പി. രാജഗോപാലാചാരി (1861-1926) ........ 58
പി.കെ. കൊച്ചീപ്പൻ തരകൻ ........ 61
പെരുന്നെല്ലി കൃഷ്ണൻ വൈദ്യർ ........ 66
വെളുത്തേരി കേശവൻ വൈദ്യർ ........ 71
കൂനേഴത്തു പരമേശ്വരമേനോൻ ........ 74

ബാരിസ്റ്റർ ജി.പി.പിള്ള എന്ന എഴുത്തുകാരൻ ........................................ 77
ശ്രീകണ്ഠേശ്വരം ജി. പദ്മനാഭപിള്ള ........................................ 80
കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ ........................................ 83
പി.സി.ഗോവിന്ദൻ ........................................ 86
മടവൂർ സി. നാരായണപിള്ള ........................................ 89
അയ്മനം പി.ജെ. ജോൺ ........................................ 93
എം. രാമവർമത്തമ്പാൻ ........................................ 96
മഹാകവി കെ.സി. കേശവപിള്ള ........................................ 99
ഡോ. ടി.എം. നായർ (1869–1919) ........................................ 102
ഒടുവിൽ കുഞ്ഞിക്കൃഷ്ണമേനോൻ ........................................ 105
സി.വി. കുഞ്ഞുരാമൻ ........................................ 108
വക്കം മൗലവി (1874–1932) ........................................ 114
എം.പി. വർക്കി (1875–1955) ........................................ 117
കുളക്കുന്നത്തു രാമൻമേനോൻ ........................................ 120
അഭിനവ വാഗ്ഭടൻ കായിക്കര പി.എം.ഗോവിന്ദൻ വൈദ്യർ ........................................ 124
ഇട്ടൂപ്പു മാമ്പിള്ളി ........................................ 127
പത്രാധിപർ ടി.കെ. നാരായണൻ ........................................ 130
കെ.ജി. പരമേശ്വരൻപിള്ള ........................................ 133
ടി.കെ. ജോസഫ് (1884–1963) ........................................ 136
പണ്ഡിറ്റ് കെ.പി. കറുപ്പൻ ........................................ 140
ദേശാഭിമാനി പത്രാധിപർ ടി.കെ. മാധവൻ ........................................ 143
വിദ്വാൻ മയ്യനാട്ടു സി.പി. കേശവൻ വൈദ്യർ ........................................ 146
സ്വാമി സത്യദേവൻ ........................................ 149
തോമസ് പോൾ (1890–1933) ........................................ 153
മയ്യനാട് കെ. ദാമോദരൻ ബി.എ. (1900–1964) ........................................ 156
മാത്യു എം. കുഴിവേലി (1905–1974) ........................................ 160
വക്കം അബ്ദുൽഖാദർ (1912–1976) ........................................ 163
ഇസ്രായേൽ ആർജവം ........................................ 166

# റവ. ജോർജ് മാത്തൻ

**പാ**ശ്ചാത്യവും പൗരസ്ത്യവുമായ പദ്ധതികളിലൂടെ വിദ്യാഭ്യാസം നേടി, ബഹുഭാഷാപ്രവീണനും നാനാവിഷയങ്ങളിൽ അഗാധവിജ്ഞാനിയുമായി ഉയർന്ന ഒരു അതുല്യപ്രതിഭയാണ് റവ.ജോർജ് മാത്തൻ (1819–1870). മലയാളഭാഷാ ഗദ്യത്തിനു ശാസ്ത്രീയ അടിത്തറ ഇടുകയും ഗദ്യരചനയ്ക്കു മാതൃകയും മാർഗനിർദേശവും നൽകുകയും ചെയ്ത ഭാഷാശുശ്രൂഷകൻ. കേരളീയജീവിതത്തിൽനിന്നു പെറുക്കിയെടുത്ത പദങ്ങൾകൊണ്ടാണ് നിരവധി സ്വദേശ വിദേശ ഭാഷകളിൽ അവഗാഹമുണ്ടായിരുന്ന അദ്ദേഹം നാം ഇന്നുപയോഗിക്കുന്ന ആശയപ്രകാശനത്തിനു സമർഥമായ പ്രസന്നവും ചലനാത്മകവും ഓജസുറ്റതുമായ മലയാളഗദ്യശൈലിക്ക് അടിത്തറയിട്ടത്. വിഷയത്തിനു പറ്റിയതും അയത്നകൃതവുമായിരിക്കണം ഭാഷ. വായിക്കുന്നതിന് സുഖ സുഗമതയുണ്ടായിരിക്കണം. പിടിച്ചുകൊണ്ടു പീഡിപ്പിക്കുന്ന പദങ്ങളും വലിച്ചിഴച്ച വാചകങ്ങളും ഉണ്ടാകരുത്. ഈ ധർമങ്ങൾ വേണ്ടുംവണ്ണം ഗ്രഹിച്ചിരുന്ന ഭാഷാഭക്തനാണ് റവ. ജോർജ് മാത്തൻ. പാശ്ചാത്യസമ്പ്രദായത്തിലുള്ള ഒരു ഗദ്യപദ്ധതി ഇദംപ്രഥമമായി ഭാഷയിൽ അവതരിപ്പിച്ചു. പുസ്തകങ്ങളും ഉപന്യാസങ്ങളും രചിച്ച് സകല കേരളീയരെയും തനിക്ക് അധമർണരാക്കിത്തീർത്തു അദ്ദേഹം. സാഹിത്യചരിത്രകാരനായ മഹാകവി ഉള്ളൂരിന്റെ ഈ നിരീക്ഷണം അതിശയോക്തി സ്പർശമുള്ളതല്ല. അദ്ദേഹം 1850-ൽ എഴുതിപ്പൂർത്തിയാക്കി 1863-ൽ പ്രസിദ്ധം ചെയ്ത 'മലയാഴ്മയുടെ വ്യാകരണം' ആണ് ഒരു മലയാളി മലയാളത്തിൽ എഴുതിയ പ്രഥമവ്യാകരണഗ്രന്ഥം. ഗുണ്ടർട്ടിന്റെ വ്യാകരണം 1851-ൽ പുറത്തുവന്നു. സാമ്പത്തികാശക്തികൊണ്ട് തന്റെ ഗ്രന്ഥം കോട്ടയത്തെ സി.എം.എസ് കേന്ദ്രത്തിൽ നിദ്രയിലാണ്ടുപോയി. ഒടുവിൽ ദിവാൻ സർ ടി. മാധവരായരുടെ സഹായത്താൽ അതു വെളിച്ചം കണ്ട കഥ മുഖവുരയിൽ ജോർജ് മാത്തൻ വെളിപ്പെടുത്തിയിട്ടുണ്ട്.